# ഒമ്പതാം ശമ്പള പരിഷ്കരണ കമ്മീഷൻ (2010)
# തിരുവനന്തപുരം

## വിജ്ഞാപനം

കേരള സർക്കാരിൻെറ 20.02.2010.ലെ 81/2010 (എം.എസ്) (ധന.) നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് ആർ. രാജേന്ദ്രബാബു (റിട്ടയേഡ്) ചെയർമാനായും ഡോക്ടർ പി.മോഹനൻ പിള്ള (സെൻറർ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസ്) അഡ്വ:പി.വേണുഗോപാലൻ നായർ എന്നിവർ അംഗങ്ങളായും നിയമിതമായ ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാർ ജീവനക്കാരുടേയും, എയ്ഡഡ് സ്കൂൾ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടേയും, തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും, സർവ്വകലാശാലാ ജീവനക്കാരുടേയും ശമ്പളം, അലവൻസ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ പഠിച്ച് പരിഷ്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുവാൻ ഉത്തരവായിരുന്നു.

**<u>കമ്മീഷൻെറ പരിഗണനയിലുള്ള വിഷയങ്ങൾ:</u>**

1. താഴെപ്പറയുന്ന തസ്തികകളുടെ ശമ്പളവും അലവൻസും പരിശോധിച്ച് ആവശ്യമെങ്കിൽ മാറ്റങ്ങൾ നിർദ്ദേശിക്കുക.

    a. കാഷ്വൽ സ്വീപ്പർ, പാർട്ട്ടൈം താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ സർക്കാർ സർവ്വീസിൻകീഴിലുള്ള തസ്തികകൾ;

    b. യു.ജി.സി/എ.ഐ.സി.റ്റി.ഇ ശമ്പള സ്കെയിലിൽ ഉൾപ്പെടുന്ന തസ്തികകൾ, കേന്ദ്ര നിരക്ക് ബാധകമാക്കിയിട്ടുള്ള തസ്തികകൾ (ഉദാ;-മെഡിക്കൽ കോളേജ് അദ്ധ്യാപകർ, ന്യായാധിപൻമാർ തുടങ്ങിയവർ) ഒഴികെ സംസ്ഥാന സർക്കാരിൻെറ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പാർട്ട്ടൈം ഉൾപ്പെടെയുള്ള തസ്തികകൾ, എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ,നേരിട്ടുള്ള ശമ്പള സ്കീമിൽ വരുന്ന ഇതര സ്ഥാപനങ്ങൾ എന്നിവയിലെ തസ്തികകൾ;

c. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും യൂണിവേഴ്സിറ്റികളിലെ യു.ജി.സി/എ.ഐ.സി.ടി.ഇ കേന്ദ്ര നിരക്കുകൾ ബാധകമാക്കാത്ത ജീവനക്കാരുടെയും തസ്തികകൾ;

2. നിലവിലുള്ള ശമ്പള ഘടന, ബത്ത, മറ്റ് സേവനവേതന വ്യവസ്ഥകൾ, പ്രമോഷൻ സാദ്ധ്യതകൾ, ഇതര ആനുകൂല്യങ്ങൾ എന്നിവ പരിശോധിക്കുകയും; കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിൻെറയും സാമൂഹ്യ ഉത്തരവാദിത്തത്തിൻെറയും കാഴ്ചപ്പാടിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക;

3. സർവ്വീസിൽ നിന്ന് വിരമിച്ച പെൻഷൻകാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പരിശോധിക്കുകയും ആവശ്യമുണ്ടെങ്കിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക;

4. കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിനും പ്രസ്തുത അപാകതകൾമൂലം എന്തെങ്കിലും പാളിച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക;

5. പ്രസ്തുത ശമ്പള പരിഷ്കരണം 01.07.2009 മുതൽ നടപ്പിലാക്കിയാൽ ഉണ്ടാകാവുന്ന അധിക സാമ്പത്തിക ബാദ്ധ്യത എത്രയായിരിക്കുമെന്ന് കണക്കാക്കി തിട്ടപ്പെടുത്തുക;

6. മേൽപ്പറഞ്ഞ വിഷയങ്ങൾ പരിഗണിക്കുമ്പോൾ സ്കെയിലുകൾ തമ്മിൽ വലിയതോതിൽ അന്തരം ഉണ്ടെങ്കിൽ അവ ലഘൂകരിക്കുന്നതിൻെറ ആവശ്യകത പരിഗണിക്കുക;

7. മേൽപ്പറഞ്ഞ വിഷയങ്ങൾ പരിഗണിക്കുമ്പോൾ ജെൻഡർ സെൻസിറ്റീവായ സേവന ഘടന (Gender Sensitive Service Structure) യുടെ ആവശ്യകത പരിശോധിക്കുക.

മേൽ വിഷയങ്ങളെ ആസ്പദമാക്കി പഠനം നടത്തി ആറുമാസത്തിനകം കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സർക്കാർ ഉത്തരവായിരിക്കുന്നു.

കമ്മീഷൻെറ പരിഗണനയിലിരിക്കുന്ന മേൽപ്പരാമർശിച്ച വിഷയങ്ങളെക്കുറിച്ച് വകുപ്പു മേധാവികളിൽനിന്നും, സംഘടനകളിൽനിന്നും

ഈ വിഷയത്തിൽ താൽപര്യമുള്ള മറ്റ് (വകുപ്പു മേധാവികളിൽ നിന്നും ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരിൽ നിന്നും) വ്യക്തികളിൽനിന്നും അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും കമ്മീഷൻ ക്ഷണിച്ചുകൊള്ളുന്നു. ഇപ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ താൽപര്യമുള്ളവർ 2010 ഏപ്രിൽ മാസം 30–ാം തീയതിക്കു മുമ്പായി കമ്മീഷന്റെ താഴെപ്പറയുന്ന വിലാസത്തിൽ ലഭ്യമാക്കണമെന്ന് അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

ഒപ്പ്
സെക്രട്ടറി
ശമ്പള പരിഷ്കരണ കമ്മീഷൻ 2010

വിലാസം;

9–ാം ശമ്പള പരിഷ്കരണ കമ്മീഷൻ–2010
നിയമസഭാ സമുച്ചയം
വികാസ്ഭവൻ.പി.ഒ.
തിരുവനന്തപുരം–695033

NB: കമ്മീഷന്റെ പരിഗണനാ വിഷയങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ ചോദ്യാവലി വെബ്സൈറ്റിലും ലഭ്യമാണ്.

(വെബ്സൈറ്റ്; **www.finance.kerala.gov.in/prc9**